**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1229** **01-02-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരത്തിലെ സാംസ്കാരിക ഇടനാഴികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരത്തിലെ ഏതൊക്കെ റോഡുകളാണ് സാംസ്കാരിക ഇടനാഴികളായി വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കെൽട്രോൺ ജംഗ്ഷൻ മുതൽ ആൽത്തറ ജംഗ്ഷൻ വരെയുള്ള മാനവീയം വീഥി 225 മീറ്റർ റോഡ് സാംസ്കാരിക ഇടനാഴി ആയിട്ടാണ് വികസിപ്പിച്ചിട്ടുള്ളത്. കൂടാതെ മഹാത്മ അയ്യങ്കാളി ഹാൾ മുതൽ ഫ്ലൈഓവർ വരെയുള്ള 210 മീറ്റർ റോഡ് സാംസ്കാരിക ഇടനാഴിയായി വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | സാംസ്കാരിക ഇടനാഴികളിൽ ഒരുക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | പൊതുജനത്തിന് സാംസ്കാരികവും കലാപരവുമായ അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുവാനും സായാഹ്നങ്ങളിലെ ഒത്തുകൂടലും, സുരക്ഷിതമായി night walk നടത്തുവാനുള്ള സൗകര്യങ്ങൾ ഉറപ്പാക്കുകയാണ് പ്രധാനമായി ചെയ്യുന്നത്. അതിനായി മാനവീയം വീഥിയിൽ ആർട്ട് ഗ്യാലറി, റിലാക്സേഷൻ പോയിന്റ്, സ്ട്രീറ്റ് ലൈബ്രറി, ഗാതറിംഗ് പോയിന്റ്, സ്കൾപ്ച്ചർ ഡിസ്പപ്ളേ, ഫുഡ് കിയോസ്ക്, ഫീഡിംഗ് റൂം, ശുചിമുറികൾ തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>വി.ജെ.റ്റി.ഹാൾ - ഫ്ളൈഓവർ റോഡിൽ വീൽ ചെയറുകൾ പോകാനുള്ള വഴി, ഇലക്ട്രിക് വാഹനങ്ങൾക്ക് ചാർജിങ് സൗകര്യങ്ങൾ, കോൺക്രീറ്റ് പ്ലാന്റർ ബോക്സുകൾ, ഐലൻഡ് ലാൻഡ്സ്കേപ്പിങ്, ശ്രവണ/ദൃശ്യ കോറിഡോർ, TAC-TILE ടൈൽസ്, സൈക്കിൾ പാർക്കിംഗ് പോയിന്റ്, സ്മാർട്ട് toiletകൾ, വീൽചെയർ പ്രാപ്യമായ ഇരിപ്പിടങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | സാംസ്കാരിക ഇടനാഴികളായി വികസിപ്പിക്കുന്ന റോഡുകളിൽ ഏതെങ്കിലും സ്ഥലത്ത് ഒരു ഫുഡ് സ്ട്രീറ്റ് കൂടി സജ്ജമാക്കുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | മാനവീയം വീഥിയിൽ night life -ന്റെ ഭാഗമായി നിലവിൽ ഫുഡ് സ്ട്രീറ്റ് സൗകര്യം ഉൾപ്പെടുത്തിയിരിക്കുന്നു. സാംസ്കാരിക ഇടനാഴികളായി വികസിപ്പിക്കുന്ന റോഡുകളിൽ ഫുഡ് സ്ട്രീറ്റിനുള്ള സൗകര്യങ്ങൾ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ